**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6422** **10-11-2021 - ൽ മറുപടിയ്ക്ക്**

**താലൂക്ക് വില്ലേജ് പുനസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ ആണ് പരിഗണിച്ചു വരുന്നത്; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ താലൂക്കുകളെ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ജനസംഖ്യ കൂടുതലുള്ള വില്ലേജുകൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആകുമ്പോൾ താലൂക്ക് ഓഫീസുകളുടെയും വില്ലേജ് | (ഡി) | സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ പരമ പ്രധാനമായ പങ്ക് വഹിക്കുന്ന |

| | | | |
|---|---|---|---|
| | ഓഫീസുകളുടെയും പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്ന് വിശദീകരിക്കുമോ? | | ഓഫീസാണ് വില്ലേജ് ഓഫീസ്. വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആകുന്നത് താലൂക്ക് ഓഫീസുകൾ ഉൾപ്പെടെ മുഴുവൻ റവന്യൂ സംവിധാനത്തിന്റെയും കാര്യക്ഷമത ഉയരുന്നതിനും ഇ-ഗവർണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ ഏതു സമയവും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനും റവന്യൂ ഓഫീസുകളിലേക്ക് നേരിട്ട് പോകാതെ തന്നെ പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ ലഭ്യമാക്കുവാനും സാധിക്കുന്നു. അതിലൂടെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പൊതുജനങ്ങൾക്ക് വിനിയോഗിക്കേണ്ടി വരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ പരമാവധി കുറയ്ക്കുവാനും സാധിക്കുന്നു. ഇ-ഗവർണൻസ് സംവിധാനത്തിലൂടെ സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾ നേരിട്ട് ഭാഗഭാക്കാകുന്നതിനാൽ പൊതുജനങ്ങൾക്ക് സർക്കാർ സംവിധാനത്തെക്കുറിച്ച് കൂടുതൽ അവബോധം ഉണ്ടാവുകയും അത് ജനങ്ങളുടെ പൗരബോധം ഉയരുന്നതിന് കാരണമാകുകയും ചെയ്യുന്നു. സർക്കാർ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാവുകയും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയരുകയും ചെയ്യുന്നു. ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആകുന്നത് വഴി സർക്കാർ ഓഫീസുകളിലെ മാനവവിഭവ ശേഷി പരമാവധി ഫലപ്രദമായി വിനിയോഗിക്കുവാനും സാധിക്കുന്നു. ഫയലുകളും രേഖകളും ഓൺലൈൻ ആയി കൈകാര്യം ചെയ്യുവാനും പരിശോധിക്കുവാനും കഴിയുന്നതിലൂടെ ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയുകയും നടപടിക്രമങ്ങൾ ലളിതമാകുകയും അതിലൂടെ ജനങ്ങൾക്ക് കൂടുതൽ വേഗത്തിൽ സേവനങ്ങൾ നൽകുന്നതിനും കഴിയുന്നു. ഓഫീസുകൾ സ്മാർട്ട് ആകുന്നത് വിവിധ തലത്തിലുള്ള സർക്കാർ സംവിധാനങ്ങൾ തമ്മിലുള്ള മികച്ച ആസൂത്രണത്തിനും ഏകോപനത്തിനും കാരണമാകുന്നു. കൂടാതെ ഭരണപരമായ പ്രവർത്തനങ്ങളിൽ സുതാര്യത കൈവരിക്കുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ